പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 167

# 2018-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 23-11-2018

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 167

# 2018-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1482/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 167

# 2018-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി.—2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (2006-ലെ 24) 4-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിൽ, "(1) ഉം (2) ഉം" എന്ന അക്കങ്ങൾക്കും ബ്രായ്ക്കറ്റുകൾക്കും വാക്കുകൾക്കും ശേഷം "(3)ഉം" എന്ന അക്കവും ബ്രായ്ക്കറ്റുകളും വാക്കും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ അംഗവും പ്രതിമാസം അൻപതു രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള ഓരോ തൊഴിലാളിയെയും സംബന്ധിച്ച് അൻപതു രൂപ വീതം ഓരോ

മാസവും നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്. പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ് പ്രകാരം സ്വന്തമായി തൊഴിൽ ചെയ്യുന്ന ഒരാൾ, (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട അംശദായത്തിന് പുറമെ പ്രതിമാസം ഇരുപത് രൂപ കൂടി അംശദായമായി നിധിയിലേക്ക് നൽകേണ്ടതാണ്. (4)-ാം ഉപവകുപ്പ് പ്രകാരം ഓരോ അംഗവും (1)-ാം ഉപവകുപ്പ് പ്രകാരം പ്രതിമാസം ഫണ്ടിലേക്കടയ്ക്കുന്ന തുകയ്ക്ക് പ്രതിമാസം അഞ്ച് രൂപ ഗ്രാന്റായി സർക്കാർ, നിധിയിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

പ്രസ്തുത വകുപ്പിന്റെ (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള അംശദായ നിരക്കുകളും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റിന്റെ നിരക്കും, സർക്കാരിന്, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത് മൂന്ന് വർഷത്തിലൊരിക്കൽ ഗസറ്റ് വിജ്ഞാപനം വഴി പുനർനിർണ്ണയിക്കാവുന്നതാണ്.

പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥ പ്രകാരം സ്വന്തമായി തൊഴിൽ ചെയ്യുന്ന ഒരാൾ, (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട അംശദായത്തിനു പുറമേ, അയാൾ നൽകേണ്ട തുക കൂടി, സർക്കാരിന് മൂന്ന് വർഷത്തിലൊരിക്കൽ ഗസറ്റ് വിജ്ഞാപനംമൂലം പുനർനിർണ്ണയിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്ന ആവശ്യത്തിലേയ്ക്ക് ആക്റ്റിലെ 4-ാം വകുപ്പ് (6)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

റ്റി. പി. രാമകൃഷ്ണൻ.

# 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (2006-ലെ 24) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

4. <u>നിധിയിലേക്കുള്ള അംശദായം</u>.—(1) ഓരോ അംഗവും പ്രതിമാസം അൻപത് രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്;

(2) ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള ഓരോ തൊഴിലാളിയേയും സംബന്ധിച്ച് അൻപത് രൂപ വീതം ഓരോ മാസവും നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്;

(3) സ്വന്തമായി തൊഴിൽ ചെയ്യുന്ന ഒരാൾ, (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട അംശദായത്തിന് പുറമേ പ്രതിമാസം ഇരുപത് രൂപ കൂടി അംശദായമായി നിധിയിലേക്ക് നൽകേണ്ടതാണ്;

(4) (4)-ാം ഉപവകുപ്പ് പ്രകാരം ഓരോ അംഗവും (1)-ാം ഉപവകുപ്പ് പ്രകാരം പ്രതിമാസം ഫണ്ടിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് പ്രതിമാസം അഞ്ച് രൂപ ഗ്രാന്റായി സർക്കാർ നിധിയിലേക്ക് അടയ്ക്കേണ്ടതാണ്;

(5) ഇപ്രകാരം അടയ്ക്കേണ്ടതായ അംശദായം ഇത്തരം തുക ശേഖരിക്കുന്നതിന് ബോർഡ് അംഗീകരിച്ച ഏതെങ്കിലും സഹകരണ ബാങ്കിലോ ദേശസാൽകൃത ബാങ്കുകളിലോ സർക്കാർ തീരുമാനിക്കുന്ന സ്ഥാപനങ്ങളിലോ അടയ്ക്കേണ്ടതാണ്;

(6) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള അംശദായ നിരക്കുകളും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗ്രാന്റിന്റെ നിരക്കും, സർക്കാരിന്, പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവുകൾ കണക്കിലെടുത്ത് മൂന്ന് വർഷത്തിലൊരിക്കൽ ഗസറ്റ് വിജ്ഞാപനംമൂലം പുനർനിർണ്ണയിക്കാവുന്നതാണ്;

** ** ** **